തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:12-02-2025

**LSGD/JD/KTM/4951/2024-A4**

**കുറ്റാരോപണ മെമ്മോ**

താങ്കൾ ശ്രീ അഖിൽ സി വർഗീസ്, കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തു വരവേ, കോട്ടയം നഗരസഭയിൽ താങ്കൾ ജോലി ചെയ്ത സമയത്തും തുടർന്നും പെൻഷൻ വിതരണത്തിൽ നടത്തിയ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് താങ്കൾക്ക് എതിരായി കോട്ടയം വെസ്റ്റ് പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1282/2024 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. സർക്കാരിനും വകുപ്പിനും അവമതിപ്പ് ഉണ്ടാകും വിധം ,ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് സാമ്പത്തിക ക്രമക്കേട് നടത്തുകയും ക്രിമിനൽ കേസിൽ പ്രതി ആകുകയും ചെയ്തിരിക്കുന്നതിനാൽ 02.12.2024 തീയതി ഇതേ നമ്പരായി കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മെമ്മോ അധിക ചാർജ് ചേർത്ത് ഭേദഗതി ചെയ്യുന്നു.ആയതിനാൽ താങ്കൾക്കെതിരായി 1960ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർവാദ പത്രികയൊന്നും നിശ്ചിത സമയപരിധിക്കകം ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന നിഗമനത്തിൽ അച്ചടക്ക നടപടികൾ തുടരുന്നതാണ്.

പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിലെ രേഖകൾ എതിർവാദപത്രിക സമർപ്പിക്കുന്നതിന് നിശ്ചയിക്കുന്ന തീയതിക്കു മുമ്പായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ ഓഫീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

BINU JOHN
JOINT DIRECTOR
തദ്ദേശസ്വയംഭരണ വകുപ്പ്,

കോട്ടയം

Signed by
Binu John
Date: 12-02-2025 11:15:29